1 ഞാൻ കർത്താവിനായ് പാടും
ജീവിച്ചിടും നാളെല്ലാം
ദൈവമഹത്ത്വം കൊണ്ടാടും
കീർത്തിക്കും തൻവാത്സല്യം

പല്ലവി

ഹല്ലേലുയ്യാ ദൈവത്തിനും
ഹല്ലേലുയ്യാ പുത്രനും
ഹല്ലേലുയ്യാ ആത്മാവിനും
ഇന്നും എന്നുംസർവ്വകാലത്തും

2 ഭാരമുള്ളോർ മനമല്ല
ദൈവാത്മാവിൻ ലക്ഷണം
സാക്ഷാൽ അഭിഷിക്തർക്കെല്ലാ-
ക്കാലത്തും സന്തോഷിക്കാം - ഹ

3 ദൈവ മുഖത്തിൻ മുമ്പാകെ
വീണയാലെ സ്തുതിപ്പാൻ
യേശുവിന്റെ രക്തത്താലെ
എന്നെ പ്രാപ്തൻ ആക്കി താൻ - ഹ

4 കേൾക്ക ദൂതന്മാരിൻ ഗാനം
ബേത്ലഹേമിൻ വയലിൽ
നോക്കുക പിതാവിൻ ദാനം
ചേരുക സംഗീതത്തിൽ - ഹ

5 പാലും തേനും ഒഴുകിടും
നല്ലോർ രാജ്യം എന്തേതാം
ആശ്വാസങ്ങൾ നിറഞ്ഞീടും
ക്രിസ്തൻ മാർവെൻ പാർപ്പിടം - ഹ

6 പാടും ഞാൻ സന്തോഷത്താലെ
ഉള്ളം എല്ലാം തുള്ളുമ്പോൾ
പാടും എന്നെ അഗ്നിയാലെ
ശോധന ചെയ്തീടുമ്പോൾ - ഹ

7 അത്തിവൃക്ഷം വാടിയാലും
മുന്തിരിയിൻ വള്ളിയും
ഒന്നും നൽകാതിരുന്നാലും
ഞാൻ കർത്താവിൽ പുകഴും -ഹ

8 എൻ നിക്ഷേപം സ്വർഗ്ഗത്തിങ്കൽ
ആകയാൽ ഞാൻ ഭാഗ്യവാൻ
ലോകരുടെ ദുഃഖത്തിങ്കൽ
എനിക്കുണ്ടോ ദുഃഖിപ്പാൻ - ഹ

9 ദൈവത്തിങ്കലെ സന്തോഷം
ആശ്രിതരിൻ ബലമാം
ആശയറ്റുപോയ ക്ലേശം
ദൂരത്തെറിയുക നാം - ഹ

(വി. നാഗൽ)